D2BML23201 (A1) (2 Pages) Reg. No:......................

Name: ........................

**SECOND SEMESTER BA / B.Sc. DEGREE EXAMINATION APRIL 2024**

**(Regular/Improvement/Supplementary)**

**COMMON COURSE IN MALAYALAM**

**GMAL2A04T: മലയാള സാഹിത്യം 2**

**Time: 2 ½ Hours.** **Maximum Marks: 80**

**ഭാഗം I: 1 മുതൽ 15 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

**ഒരോന്നിനും 2 മാർക്ക് വീതം. പരമാവധി മാർക്ക് 25.**

1. മലയാളസാഹിത്യത്തിലെ "കാല്പനികവാദിയായ അന്യൻ" എന്ന് വിശേഷിപ്പിക്കപ്പെട്ടതാര് ?
2. ഇന്ത്യൻ നോവലിന്റെ പിറവിക്ക കാരണമായ ഘടകങ്ങൾ എന്തെല്ലാം?
3. ഭീഷ്മരെപറ്റി അകൃതവ്രണൻ അംബയോട് എന്താണ് പറഞ്ഞത് ?
4. "ഹന്ത ധന്യമിഹ നിന്റെ ജീവിതം" ആര് ആരോടാണ് ഇങ്ങനെ പറയുന്നത് ? കാവ്യസന്ദർഭമേത്?
5. കാളിദാസനും കാലത്തിന്റെ ദാസൻ എന്ന ലേഖനം ഏത് നിരൂപണ കൃതിയിലേതാണ്, നിരൂപകനാര് ?
6. "അപ്പോൾ ഓർമ്മകൾ തിങ്ങിഞെരുങ്ങിയ ആ ചുളിവുകൾ നിവർന്നുതുടങ്ങും" എപ്പോൾ?
7. "ആരിത് കണ്ടിട്ടുള്ളവർ മുൻ, പിതൃ നമ്മുടെ നേട്ടം" സൂചിതമെന്ത് ?
8. സൂര്യൻ സൂര്യകാന്തിയോട് ചോദിച്ചതെന്ത് ?
9. രാജലക്ഷ്മിയുടെയും ഇടപ്പള്ളിയുടെയും ആത്മഹത്യ സമാനസ്വഭാവമുള്ളതല്ല എന്നതിന് കെ. പി. അപ്പൻ ചൂണ്ടികാണിക്കുന്ന കാരണങ്ങൾ എന്തെല്ലാം?
10. അരച്ചാൺ വയറിനായ് കർമ്മങ്ങളനുഷ്ഠിച്ച മരിക്കുന്നവർക്ക് കലോപാസകനിൽ നിന്ന് അറിയേണ്ടതെന്തല്ലാം?
11. 'പ്രിയദർശിനിയായ മരണം' എന്ന ലേഖനം എഴുതിയതാര് ?
12. പരശുരാമകഥ പ്രമേയമാകുന്ന ബാലാമണിയമ്മയുടെ കൃതിയുടെ പേരെന്ത് ?
13. 'ഇന്ന് പഴയ പഠിപ്പ് മുടക്കുക' എന്നാഹ്വാനം ചെയ്യുന്ന കവിതയേത് ?
14. പ്രണയാകുലനായ നാഥൻ തന്റെ അഭാവത്തിൽ എങ്ങനെ ആത്മഗതം ചെയ്യുക്കുമെന്നാണ് സൂര്യകാന്തി കരുതുന്നത് ?
15. മഹാഭാരതകഥാസന്ദർഭങ്ങളെ വിശകലനം ചെയ്ത് മാരാർ എഴുതിയ കൃതി ?

(തുടർച്ച .... 2)

**ഭാഗം II: 16 മുതൽ 23 വരെയുള്ള ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. ഓരോന്നിനും 5 മാർക്ക് വീതം. പരമാവധി മാർക്ക് 35.**

16 "അംബ ഭൂമിയിൽ മറ്റൊരു സ്ത്രീയും നേരിട്ടിട്ടില്ലാത്ത കൊടിയൊരു വിഷമാവസ്ഥയിൽപെട്ടു". അംബ നേരിട്ട വിഷമാവസ്ഥയെന്ത് ? വിശദീകരിക്കുക.

17 "കണ്ടതില്ലവർ പരസ്പരം മരംകൊണ്ടു നേർവഴി മറഞ്ഞിരിക്കയാൽ" ഈ വരികളിലെ സൂചിതമെന്ത് ?

18 പുത്തൻചൊല്ല് എന്ന കവിതയിൽ കവി ബാലകന്മാരോട് ഉപദേശിക്കുന്നതെന്തെല്ലാം?

19 സൂര്യകാന്തി പ്രണയത്തിന്റെ ഉദാത്തഭംഗി ആവിഷ്കരിക്കുന്ന കവിതയാണ് - പരിശോധിക്കുക.

20 നോവലിന്റെ വളർച്ചയെ സ്വാധീനിച്ച ചരിത്രപരമായ കാരണങ്ങൾ വിശദീകരിക്കുക.

21 "നിങ്ങളെന്തറിഞ്ഞെന്നെ കൈകൂപ്പി നിൽപ്പോ കഷ്ടം" എന്ന് കലോപാസകൻ ആരാധകരോട് ചോദിക്കുന്നതിന്റെ പൊരുളെന്ത് ?

22 'അവളപങ്കില ദൂരെയാണെങ്കില്വ<br>മരികില്വണ്ടെനിക്കെപ്പോഴും കൂട്ടിനായ്' ആശയം വിശദമാക്കുക.

23 ശകുന്തളയോടുള്ള ബന്ധത്തിലും അകൽച്ചയിലും ദുഷ്യന്തൻ പുലർത്തുന്ന സമീപനങ്ങൾ അന്നത്തെ പുരുഷകേന്ദ്രീകൃത അധികാരത്തിന്റെ പൊതുസ്വഭാവം തന്നെയായിരുന്നു - മുണ്ടശ്ശേരി അവതരിപ്പിക്കുന്ന നിരീക്ഷണങ്ങൾ ക്രോഡീകരിക്കുക.

**ഭാഗം III: 24 മുതൽ 27 വരെയുള്ള ഏതെങ്കിലും രണ്ട് ചോദ്യങ്ങൾ മൂന്ന് പുറത്തിൽ കവിയാതെ ഉപന്യസിക്കുക. ഓരോന്നിനും 10 മാർക്ക് വീതം.**

24. കുട്ടികൃഷ്ണമാരാരുടെ അഭിപ്രായത്തിൽ അംബോപാഖ്യാനത്തിന്റെ ലക്ഷ്യമെന്ത്? വിമർശനബുദ്ധ്യാ വിലയിരുത്തുക.

25. മനുഷ്യന്റെ നിരർത്ഥകമായ അന്വേഷണങ്ങൾക്കൊടുവിൽ സ്വയം കണ്ടെത്തുന്ന പരിഹാരങ്ങളും അതിലെ ശൂന്യതയുമാണ് കതിരക്കൊമ്പിലെ പ്രതിപാദ്യം - ചർച്ച ചെയ്യുക.

26. ഇടപ്പള്ളിയുടെ മരണത്തെ ലഘുവായ ഒരു നിർവചനത്തിൽ ഒതുക്കിനിർത്തിയ മലയാളിയുടെ മുൻവിധിയെ "മരണത്തിന്റെ സൗന്ദര്യം" എന്ന ലേഖനത്തിലൂടെ കെ. പി. അപ്പൻ തിരുത്തുന്നതെങ്ങനെ?

27. "ജന്തുവിനു ഉടരുന്ന വാസനാബന്ധമിങ്ങുടല്വ വീഴുവോളവും" ഈ കാഴ്ചപ്പാടിന്റെ സാംഗത്യം പാഠഭാഗത്തെ മുൻനിർത്തി വിശദമാക്കുക.

**(2 × 10 = 20 മാർക്ക്)**